# സന്ധ്യാരാഗം

അർക്കൻ  കാവിയുടുത്താകാശക്ഷേത്ര-
ത്തിലേക്കു മടങ്ങുന്ന നേരം;
അർദ്ധനിമീലിതയായ് തൊഴുതുനിന്നൂ,
ശീവേലി പൂജാസമയമീ ഞാനും.

കണ്ടൂ കത്തുന്ന കൽവിളക്കിന്നരികെ,
എന്നോ പരിചിതമായൊരു രൂപം;
ഒരു പിഞ്ചുപൈതലിൻ കരംഗ്രഹിച്ചു,
കൊണ്ടനങ്ങാതെ നിൽപ്പുണ്ടയാൾ.

നീട്ടിവളർത്തിയ ചുരുൾ മുടിയും താടിയും,
മെല്ലിച്ച രൂപവും, കുഴിഞ്ഞ കൺകളും,
വിളിച്ചോതുന്നീയുലകിനോട് പലതും,
വാക്കുകകളില്ലാത്തൊരായിരം  അർത്ഥങ്ങൾ.

ദേവിതൻ തങ്കവിഗ്രഹത്തിലുറ്റുനോക്കി,
അമീലിതനായ് പക്ഷെ നിസ്സംഗനായ്,
ആരചിച്ചുവൊ, അയാൾ ആമ്പിയിക മന്ത്രങ്ങൾ,
കേട്ടീലല്ലോ ഞാനെൻ കാതുകളിൽ.

കൊഴിഞ്ഞുവീണ സ്വപ്നത്തിൻ നിശ്വാസമോ?
ചിറകറ്റുപോയ മോഹത്തിൻ ചിറകടിയോ?
ഇന്നലെ ഹോമിച്ച ജന്മത്തിൻ രോദനമോ?
പാടാത്ത പാട്ടിന്റെ ഈരടികളേതോ?

ഒന്നും തന്നെ പറയാനാവുന്നില്ല,
ഒന്നുമേ, ഗ്രഹിക്കാനുമായില്ല;
ആ മുഖത്തു മിന്നിമറയുന്ന വികാരമൊന്നിൽ,
കണ്ടു ഞാനൊരലയാഴി.

ചിന്തകൾ, ചാലുകൾ തീർത്ത നെഞ്ചിൽ,
മറിയുന്നു ഓർമ്മതൻ താളുകൾ,
തിരിച്ചറിഞ്ഞൂയെൻ സതീർത്ഥ്യനെ;
സമർത്ഥനായിരുന്ന സഹപാഠിയെ.



ഒരു നിമിഷം ദേവസന്നിധാനംമറന്നു,
ഓടിയെത്തീയാ സവിധേ,
അത്ഭുതം വിടർത്തിയൊരാ നയനങ്ങളിൽ,
അലയടിച്ചൂ സ്നേഹസാഗരം.

എന്തൊരതിശയം നീയിവിടെ എങ്ങനെ
ചോദ്യമെറിഞ്ഞവൻ പുഞ്ചിരിച്ചു.
എൻ ഭത്തൃഗൃഹം ഇവിടെയാണുദേവാ,
ഉത്തരം പെട്ടെന്നു നൽകി ഞാൻ.

അരുമയായ് നിറുകയിൽ തലോടിക്കൊണ്ട്,
ആരാഞ്ഞു നാമം ബാലികയോടായ്,
പാർവ്വതിയെന്നാണെന്റെ പേര്
'പാറു'വെന്ന് ഓമനയായ് വിളിക്കുമെന്നെയച്ഛൻ.

കിളിക്കൊഞ്ചലില്ലാത്ത ദൃഢമായ ശബ്ദം,
ഉള്ളം കുളിർപ്പിച്ചാ പാകതയും;
പ്രൗഢഗാംഭീര്യമാം  വാക്കിലൊതുങ്ങുന്നു,
ബാല്യത്തിൻ നൈർമ്മല്യ ഭാവങ്ങളും.

കണ്ടീലല്ലോ ഞാൻ ഭാര്യദേവിയെ എവിടെ?
ചുറ്റുപാടൊക്കെ  നോക്കിത്തിരഞ്ഞു,
പിരിഞ്ഞുപോയവൾ, മറ്റൊരുവനോടൊപ്പം-
ഞങ്ങളെ ഉപേക്ഷിച്ചെന്നേക്കുമായ്.

ഞെട്ടിത്തരിച്ചുപോയ്, ബുദ്ധി മന്ദിച്ചുപോയ്,
കേൾക്കരുതാത്ത വാക്കുകൾ കേട്ടുഞാൻ,
ജീവനു തുല്യമായ് സ്നേഹിച്ചതാണു ഞാൻ-
ചെയ്തൊരപരാധമീ ഭൂമിയിൽ.

കണ്ണുനിറഞ്ഞപ്പോൾ ശിരസ്സു കുനിച്ചവൻ,
പൊടിഞ്ഞ വിയർപ്പു തുടച്ചുനിന്നൂ;
ആശ്വസിപ്പിക്കുവാൻ കണ്ടില്ലൊരു വാക്കും,
വേപഥുപൂണ്ടു ഞാൻ വിറച്ചുനിന്നൂ.

പ്രാണനായ് സ്നേഹിക്കുന്നതിത്ര വലിയതെറ്റോ?
തന്നോടുതന്നെ ചോദിച്ചാ ചോദ്യം,
സത്യമെ ജയിക്കൂ സ്നേഹിതാ ഒടുവിൽ-
തിരിഞ്ഞുനോക്കി തപിക്കുമവൾ.

മടങ്ങുന്നിതു ചേക്കേറാൻ കൂട്ടിലേക്ക്....
ചിണുങ്ങുന്ന കാവലം കിളികൾ;
ധരണിയിൽ സന്ധ്യാരാഗം മാഞ്ഞു കഴിഞ്ഞു,
ഇറങ്ങീ പടവുകൾ ഞങ്ങളും
ഇറങ്ങീ..... പടവുകൾ..... ഞങ്ങളും.